**പതിനാലാം കേരള നിയമസഭ**

**ബുള്ളറ്റിൻ ഭാഗം - 2**

2017 മേയ് 23

നമ്പർ : 253

## കൃഷി വകുപ്പുമന്ത്രി ശ്രീ. വി.എസ്.സുനിൽ കുമാർ നോട്ടീസ് നൽകിയ താഴെപ്പറയുന്ന പ്രമേയത്തിന് അവതരണാനുമതി

"1995 ൽ ലോക വാണിജ്യ കരാർ നിലവിൽ വന്നതു മുതൽ ഇന്ത്യയും ഈ കരാറിൽ അംഗമാണ്. സ്വാഭാവിക ഉണക്ക റബ്ബറിന് അന്ന് ഇന്ത്യ അംഗീകരിച്ച കൂടിയ ചുങ്കം 25% ആയിരുന്നു. 25% ചുങ്കമോ 30 രൂപയോ ഏതാണ് കുറവ് എന്നതാണ് സ്വാഭാവിക റബ്ബറിന് ഇന്ത്യ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കം. ലോക വ്യാപാര കരാറിനുശേഷം റബ്ബർ മേഖലയ്ക്ക് ഏറ്റവും കൂടുതൽ പ്രഹരം ഏൽപിച്ച ഒരു കരാറാണ് ഇന്ത്യ ആസിയാൻ സ്വതന്ത്ര വ്യാപാര കരാർ. പ്രസ്തുത കരാറിൽ അംഗങ്ങളായ മലേഷ്യ, തായ്‌ലാൻഡ്, ഇൻഡോനേഷ്യ എന്നീ രാജ്യങ്ങൾ സ്വാഭാവിക റബ്ബറിന്റെ വൻ ഉത്പാദകരും സ്വാഭാവിക റബ്ബറിന്റെ ഉത്പാദന ചെലവ് കുറഞ്ഞ രാജ്യങ്ങളുമാണ്. പ്രസ്തുത രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേക്ക് ഇറക്കുമതി നടക്കുന്നുണ്ട്.

റബ്ബർ വിലയിടിവ് നേരിടുവാൻ ഇറക്കുമതി നിയന്ത്രണം ഉൾപ്പെടെ കേന്ദ്ര സർക്കാരിന്റെ ഇടപെടലുകൾ ആവശ്യമായതിനാൽ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ യഥാസമയം നിവേദനങ്ങൾ നൽകിയിട്ടുണ്ട്. മേക്ക് ഇൻ ഇന്ത്യയിൽ റബ്ബർ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി തടയുക, സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം കൂട്ടുന്നതിനായി കയറ്റുമതി സബ്സിഡി അനുവദിക്കുക, വിലയിടിവ് തടയുന്നതിനായി താങ്ങുവില പ്രഖ്യാപിക്കുക, എന്നിവയുൾപ്പെടെ വിവിധ ആവശ്യങ്ങളടങ്ങിയ നിവേദനം കേന്ദ്ര

സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും 2016 ജനുവരി 21 മുതൽ 2016 മാർച്ച് 31 വരെ മാത്രമാണ് ഇറക്കുമതി താൽക്കാലികമായി തടഞ്ഞിരുന്നത്.

എന്നാൽ ലോക വ്യാപാര കരാർ പ്രകാരമുള്ള പ്രതിജ്ഞാബദ്ധത കാരണം ഇറക്കുമതി ചുങ്കം 25% ത്തിൽ അധികം വർദ്ധിപ്പിക്കാൻ കഴിയില്ലെന്നും രാജ്യത്ത് നിലവിലുള്ള ഉൽപാദന ഉപഭോഗ സാഹചര്യം കാരണം വൻതോതിലുള്ള കയറ്റുമതിക്ക് സാധ്യതയില്ലെന്നും കച്ചവടനിയന്ത്രണവും നേരിട്ടുള്ള സംഭരണവും വഴി സ്വതന്ത്ര വിപണിയിൽ ഇടപെട്ട് സ്വാഭാവിക റബ്ബറിന് ഉയർന്ന നിരക്കിലുള്ള താങ്ങുവില നിശ്ചയിക്കുകയെന്നത് ലോകവ്യാപാര കരാർ പ്രകാരമുള്ള പ്രതിജ്ഞാബദ്ധതയുമായി ഒത്തു പോകാത്തതിനാൽ ആയത് പ്രായോഗികമല്ലെന്നും കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. ഇത്തരത്തിൽ സ്വാഭാവിക റബ്ബറിന്റെ വിലയിടിവ് തടയുന്നതിന് വിവിധ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും റബ്ബറൈസ്ഡ് റോഡ് സംബന്ധിച്ചുള്ള നിർദ്ദേശത്തിൽ മാത്രമാണ് കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂല പ്രതികരണം ഉണ്ടായിട്ടുള്ളത്. അത് തന്നെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ പരിശോധനയ്ക്ക് നൽകാമെന്നത് മാത്രമാണ്.

റബ്ബർ വിപണിയിലെ അനിശ്ചിതാവസ്ഥ പരിഗണിച്ച് കർഷകന് ന്യായവില ഉറപ്പാക്കുന്നതിനുവേണ്ടി വിഭാവനം ചെയ്ത് 2015-16 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സർക്കാർ വളരെ കാര്യക്ഷമമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വില സൂചികയും തമ്മിലുള്ള വ്യത്യാസം അനുസരിച്ചുള്ള തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറി വരുന്നു. സംസ്ഥാന സർക്കാരിന്റെ ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ആവശ്യമാണ്.

ഈ സാഹചര്യത്തിൽ കേരളത്തിലെ കർഷകരുടെ ജീവനോപാധിയായ റബ്ബറിന് ന്യായവില ഉറപ്പാക്കുവാൻ കേന്ദ്ര സർക്കാർ ഇടപെടണമെന്നും ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുവാൻ വാണിജ്യ

കരാറുകളിൽ അനുവദിച്ചിട്ടുള്ള വ്യവസ്ഥകൾ ഉപയോഗപ്പെടുത്തണമെന്നും, സ്വാഭാവിക റബ്ബറിനെ ലൈവ്‌ലിഹുഡ് സെക്യൂരിറ്റി ബോക്സിൽ ഉൾപ്പെടുത്തണമെന്നും ഇറക്കുമതി ചെയ്യുന്ന സ്വാഭാവിക റബ്ബറിന് ഡബ്ല്യൂ.റ്റി.ഒ ഉൾപ്പെടെയുള്ള കരാറുകളിൽ അംഗീകരിച്ചിട്ടുള്ള സേഫ് ഗാർഡ് ഡ്യൂട്ടി ഏർപ്പെടുത്തണമെന്നും, ആർ.സി.ഇ.പി കരാർ ഉൾപ്പെടെ സ്വാഭാവിക റബ്ബറിനെ സംരക്ഷിക്കുവാൻ ' നെഗറ്റീവ് ലിസ്റ്റ് ' അഥവാ സംരക്ഷിത ഉൽപന്നങ്ങളുടെ പട്ടികയിൽ പെടുത്തണമെന്നും, കർഷകർക്ക് പ്രയോജനം ചെയ്യുന്ന തരത്തിൽ ദേശീയ നയം രൂപീകരിക്കണമെന്നും റബ്ബർ ആക്ട് പിൻവലിക്കുകയോ കർഷകദ്രോഹ നടപടികൾ അതിൽ ഉൾപെടുത്തുകയോ ചെയ്യരുതെന്നും, റബ്ബർ ബോർഡ് നിർത്തലാക്കുകയോ സ്വാഭാവിക റബ്ബറിന്റെ ഏറ്റവും കൂടുതൽ ഉൽപാദനം നടത്തുന്ന കേരളത്തിൽ നിന്ന് റബ്ബർ ബോർഡിന്റെ ആസ്ഥാന മന്ദിരം അന്യസംസ്ഥാനത്തേക്ക് മാറ്റുകയോ ചെയ്യരുതെന്നും റീജിയണൽ ഓഫീസുകൾ നിർത്തലാക്കുകയും കൂട്ടിയോജിപ്പിക്കുകയും ചെയ്ത നടപടി പിൻവലിച്ച് റീജിയണൽ ഓഫീസുകൾ പുനഃസ്ഥാപിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു.''

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.